(ബി) 1984–85 സാമ്പത്തിക വർഷത്തിൽ ഇവിടെനിന്നും എത്ര എക്സ്റേ എടുത്തിട്ടുണ്ട്;

(സി) ഈ ആശുപത്രിയിലെ എക്സ്റേ യൂണിറ്റ് കൃത്യമായി പ്രവർത്തിക്കുവാനാവശ്യമായ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) 198 ദിവസം.

(ബി) 1223 പേർക്ക് എക്സ്റേ എടുത്തിട്ടുണ്ട്.

(സി) ഇപ്പോൾ പ്ലാന്റ് ശരിയായി പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം നിലയ്ക്കുമ്പോൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ഉടനെതന്നെ സ്വീകരിക്കാറുണ്ട്.

ക്യാൻസർ രോഗബാധിതർ

478 [868] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ തരത്തിലുള്ള എത്ര ക്യാൻസർ രോഗബാധിതരുണ്ടെന്നാണ് കണക്ക്;

(ബി) ക്യാൻസർ രോഗത്തിനുള്ള പ്രതിരോധ മാർഗ്ഗങ്ങളും, വന്നാൽ അടിയന്തിരമായി ചെയ്യേണ്ട ചികിൽസയുടെ ആവശ്യകതയെപ്പറ്റിയും ജനങ്ങളെ ബോധവാൻമാരാക്കാൻ സെമിനാറുകളും ചർച്ചാക്ലാസ്സുകളും, പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി എടുക്കുമോ;

(സി) എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ഏകദേശം 72,000 ക്യാൻസർ രോഗബാധിതരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ക്യാൻസർ രോഗത്തിനുള്ള പ്രതിരോധമാർഗ്ഗങ്ങളും, രോഗം വന്നു കഴിഞ്ഞാൽ ചെയ്യേണ്ട ചികിൽസയുടെ ആവശ്യകതയെയുംപറ്റി ഇപ്പോൾതന്നെ പത്രം, ടെലിവിഷൻ, റേഡിയോ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തുന്നുണ്ട്. ഫലപ്രദമായ ഏതു മാർഗ്ഗം സ്വീകരിക്കുന്നതിനും ഗവൺമെന്റ് സന്നദ്ധമാണ്.

(സി) ഇപ്പോൾ എറണാകുളത്തും, പാലക്കാടും, ''ആർംഭത്തിലുള്ള ക്യാൻസർ കണ്ടുപിടിക്കാനുള്ള കേന്ദ്രങ്ങൾ'' പ്രവർത്തിക്കുന്നുണ്ട്. ക്യാൻസർ ചികിൽസക്ക് ഉയർന്ന വൈദഗ്ദ്ധ്യമുള്ള പരിശീലനം നേടിയ ഡോക്ടർമാരും റേഡിയേഷൻപോലെയുള്ള വിദഗ്ദ്ധ ചികിൽസയും ആവശ്യമുള്ളതിനാൽ ഉടൻതന്നെ എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ പ്രയാസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly